(ഡി) †അടച്ചിട്ടതായ ഫാക്ടറികളുടെ ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഇ) 2105.

ശാസ്ത്രീയവളങ്ങളുടെ വിതരണം.

38. [33] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറിൽനിന്നും നൽകുന്ന ശാസ്ത്രീയവളങ്ങൾ വിതരണം ചെയ്യാൻ ഇന്ന് സംസ്ഥാനത്ത് എത്ര ഡിപ്പോകൾ ഉണ്ട്; അത് ഗവണ്മെൻറ് നേരിട്ടുനടത്തുകയാണോ; ഗവണ്മെൻറ് നടത്താത്തഡിപ്പോകൾ ആരെക്കൊണ്ട് നടത്തിക്കുന്നു; പ്രൈവറ്റ് ഡിപ്പോകൾ നടത്തുന്നവർക്ക് എന്ത് ആദായം കിട്ടും; അവർ മായം ചേർക്കുന്നതിനെ തടയാൻ എന്ത് ഏർപ്പാടാണുള്ളത്;

(ബി) ഒന്നാം പഞ്ചവത്സരപദ്ധതിയനുസരിച്ച് എത്ര രൂപയുടെ വളം വിതരണം ചെയ്യണമെന്നാണ് ഉദ്ദേശിച്ചിരുന്നത്; എന്ത വിലയ്ക്കുള്ള വളം ഇതുവരെ വിതരണം ചെയ്തു; ഉദ്ദേശിച്ചതും, ചെയ്തതും തമ്മിൽ ഈ അന്തരം വരാൻ കാരണമെന്ത്;

(സി) സർ സി. പി. യുടെ കാലത്ത് 1946–ൽ നിലക്കടല പിണ്ണാക്ക്, മരോട്ടിപ്പിണ്ണാക്ക്, കൊഞ്ചുപൊടി, എല്ലുപൊടി, അമോണിയം സൽഫേറ്റ്, മുറിയേറ്റ് ഓഫ് പൊട്ടാഷ് എന്നീ ശാസ്ത്രീയ വളങ്ങളുടെ വില Cwt. 1–ന് എന്തായിരുന്നു; ഇന്ന് ആ വളങ്ങളുടെ വില എന്താണ്; സബ്സിഡിനിറുത്തിയതിനു കാരണമെന്ത്; കാർഷികോൽപ്പന്നങ്ങളുടെ വിലയിടിഞ്ഞിരിക്കുന്ന ഇക്കാലത്ത് സബ്സിഡി വീണ്ടും നൽകാൻ തയ്യാറാകുമോ;

(ഡി) വിളവു ജാമ്യത്തിൽ വളത്തിൻറെ 50 ശതമാനം കടമായി നൽകാൻ വ്യവസ്ഥ ചെയ്യുമോ; ഭ്രസ്വഭൂടമകൾക്ക് മാത്രമേ വളം കടമായി നൽകൂ എന്നാണോ ഇന്നത്തെ വ്യവസ്ഥ?

ഉത്തരം.

(എ) വളം വിതരണം ചെയ്യുന്നതിനു വേണ്ടി ഇന്ന് സംസ്ഥാനത്ത് 482 ഡിപ്പോകൾ ഉള്ളതിൽ 40 എണ്ണം ഗവണ്മെൻറ് നേരിട്ടു നടത്തുന്നവയും മറ്റുള്ളവ കമ്മിഷൻ ഏജൻസി വ്യവസ്ഥയിൽ സഹകരണസംഘങ്ങൾ, പഞ്ചായത്തുകൾ, സ്വകാര്യവ്യക്തികൾ എന്നിവരെക്കൊണ്ടു നടത്തിക്കുന്നവയുമാണ്. പ്രൈവറ്റ് ഡിപ്പോകൾ നടത്തുന്നവർക്ക് എന്താദായം കിട്ടുമെന്ന് അറിവില്ല. ഏജൻസി വ്യവസ്ഥയിൽ ഡിപ്പോ നടത്തിക്കുന്നവർക്ക് വിൽപ്പനയുടെ ഏഴരശതമാനം കമ്മിഷൻ, കൃഷി ഡിപ്പാർട്ടുമെൻറിൽനിന്നും നൽകിവരുന്നുണ്ട്. പ്രൈവറ്റ് ഡിപ്പോകളിൽ മായംചേർത്ത് വളം വിൽക്കുന്നതിനെ തടയാനായി ഗവണ്മെൻറിൽനിന്നും 1952–ലെ Manure Dealers Licencing order-ും Manure mixture and Price control order-ും നടപ്പിലാക്കി. എന്നാൽ ഇവ ഇന്ന് പ്രാബല്യത്തിലല്ല.

† Please see Appendix VIII.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 121 ലക്ഷം രൂപയുടെ വളം വിതരണം ചെയ്യണമെന്ന് തീരുമാനിച്ചിരുന്നു. ഇതുവരെ 12 ലക്ഷം രൂപയ്ക്കുള്ള വളങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. ഉദ്ദേശിച്ചിരുന്നതിൽക്കൂടുതൽ വളം വിതരണം ചെയ്തത് കർഷകരുടെ ആവശ്യം അനുസരിച്ചായിരുന്നു.

		1946			1955	
		cwt	l-നു്		cwt	l-നു്
(സി)	നിലക്കടലപ്പിണ്ണാക്കു്	4	11	0	7	8
	എല്ലുപൊടി	6	13	0	12	12
	അമോണിയംസൽഫേറ്റ്	9	7	0	17	4
	അമോണിയം ഫാസ്ഫേറ്റ്	11	11	0	18	0
	മറിയേറ്റ് ആഫ് പൊട്ടാഷ്	....			17	11

വളം സബ്സിഡി നിറുത്തിയിട്ടില്ല. എല്ലുപൊടി, നിലക്കടലപ്പിണ്ണാക്കു് എന്നീ വളങ്ങൾ ഇപ്പോഴും സൗജന്യനിരക്കിൽ (25% വിലകുറച്ചു്) വിതരണം ചെയ്യുവരുന്നു.

(ഡി) നെല്ലെടുപ്പുപദ്ധതി നിറുത്തലാക്കിയതിനാൽ വിളവു് ജാമ്യത്തിന്മേൽ വളം കടം കൊടുക്കുന്നില്ല. ഭൂസ്വത്തുടമകർക്കുമാത്രമേ വളം കടം നൽകൂ എന്നു് വ്യവസ്ഥയില്ല. അല്ലാത്തവർക്കു് ആധാരം ജാമ്യത്തിന്മേൽ വളം കടമായി കൊടുക്കുന്നതിനും വ്യവസ്ഥയുണ്ടു്.

Tamilian students who failed in Hindi.

39. [35] SHRI T. T. DANIEL: Will the Minister for Education be pleased to state:

The number of Tamilian students who have failed in the last S. S. L. C. March Examination on the ground that they did not get the requisite marks in Hindi alone?

Answer.

Thirty four.

Teachers.

40. [36] SHRI T. T. DANIEL: Will the Minister for Education be pleased to state:

The number of I, II and III Grade teachers in the Education Department separately?

Answer.

There are only two Grades of Graduate teachers now

I Grade (Rs. 150—225)	..	395
II Grade (Rs. 50--150)	...	1384

LIBRARY ARCHIVES Kerala Legislative Assembly